**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4532** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ജോയിന്റ് രജിസ്ട്രാർക്ക് എതിരെയുള്ള എൻക്വയറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം സഹകരണ ജോയിന്റ് രജിസ്ട്രാർ ഇസ്മയിൽ, പരശുനാംകുന്നൻ എന്നയാൾക്കെതിരെ കേരള സഹകരണ സംഘം നിയമം 1969 വകുപ്പ് 65 പ്രകാരം എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; നടപടിക്രമങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, ഇസ്മയിൽ പരശുനാംകുന്നൻ എന്നയാൾക്കെതിരെ കേരള സഹകരണ സംഘം നിയമം **1969** വകുപ്പ് **65** പ്രകാരം അന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല. |
| (ബി) | പ്രസ്തുത നിയമം വകുപ്പ് 28 ചട്ടം 44 പ്രകാരം മൂത്തേടം സഹകരണ അർബൻ സംഘം ഒന്നാം നമ്പർ അംഗം ഇസ്മയിൽ, പരശുനാംകുന്നൻ എന്നയാൾ ഭരണ സമിതി അംഗമായിരിക്കാൻ അയോഗ്യനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഭരണ സമിതിയിൽ നിന്ന് ടിയാനെ നീക്കാൻ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശവും നടപടിരേഖകളുടെ പകർപ്പും ലഭ്യമാക്കാമോ? | (ബി) | കേരള സഹകരണ നിയമം വകുപ്പ് 28 ചട്ടം 44 പ്രകാരം മൂത്തേടം സഹകരണ അർബൻ സംഘം ഒന്നാം നമ്പർ അംഗം ഇസ്മയിൽ പരശുനാംകുന്നൻ എന്നയാൾ ഭരണസമിതി അംഗമായിരിക്കാൻ അയോഗ്യനാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭരണസമിതിയിൽ നിന്ന് ടിയാനെ നീക്കാൻ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. നടപടിരേഖയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**മലപ്പുറം ജില്ല സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ നടപടിക്രമങ്ങൾ**
**{ (ഹാജർ :- ശ്രീ. പി. ബഷീർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ) }**

JRMPM/5362/2019-CRP (1) തീയതി. 16/02/2023

**<u>ഉത്തരവ്</u>**

വിഷയം :- സഹകരണ വകുപ്പ് - മൂത്തേടം സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653 - ഭരണസമിതി അംഗത്തെ അയോഗ്യനാക്കുന്നത് സംബന്ധിച്ച്.

പരാമർശം :-
1 മലപ്പുറം ജില്ല സഹകരണ ബാങ്ക് സ്പെഷ്യൽ സെയിൽ ഓഫീസറുടെ 04/03/2020 തിയ്യതിയിലെ റിപ്പോർട്ട്
2 നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ടെ 14/12/2021, 03/03/2022 തിയ്യതികളിലെ 1727/21/ഇ നമ്പർ അന്വേഷണ റിപ്പോർട്ടുകൾ
3 മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ 15/08/2022 തിയ്യതിയിലെ JRMPM/5362/2019-CRP (1) നമ്പർ നോട്ടീസ്.
4 മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ 17/08/2022 തിയ്യതിയിലെ JRMPM/5362/2019-CRP (1) നമ്പർ നോട്ടീസ്.
5 മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ 19/09/2022 തിയ്യതിയിലെ JRMPM/5362/2019-CRP (1) നമ്പർ നോട്ടീസ്.
6 ശ്രീ. ഇസ്മയിൽ മൂത്തേടത്തിന്റെ 10/10/2022 തിയ്യതിയിലെ രേഖാമൂലമുള്ള വിശദീകരണം

മൂത്തേടം സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653 ലെ ഭരണസമിതി അംഗമായ ശ്രീ. ഇസ്മയിൽ മൂത്തേടത്തിന് ഒരേ സ്വഭാവമുള്ള ഒന്നിലധികം സഹകരണ സ്ഥാപനങ്ങളിൽ അംഗത്വവും വായ്പയും ഉള്ളതായും വായ്പകൾ കുടിശ്ശിക വരുത്തിയ ശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി വലിയ തുകയുടെ ആനുകൂല്യം കൈപ്പറ്റുകയും വീണ്ടും വസ്തു ജാമ്യത്തിന്മേൽ അതേ സംഘത്തിൽ നിന്ന് തന്നെ വായ്പ എടുക്കുകയും കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുണ്ടെന്നും മറ്റുമുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി പരാതികൾ വ്യത്യസ്ത തിയ്യതികളിൽ ലഭിച്ചിരുന്നു . ടി പരാതികൾ അന്വേഷിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ല സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷിക്കുന്നതിന് മലപ്പുറം ജില്ല സഹകരണ ബാങ്ക് സ്പെഷ്യൽ സെയിൽ ഓഫീസറെയും നിലമ്പൂർ താലൂക്കിലെ സംഘങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷിക്കുന്നതിന് നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെയും ചുമതലപ്പെടുത്തിയിരുന്നു. മലപ്പുറം ജില്ല സഹകരണ ബാങ്ക് സ്പെഷ്യൽ സെയിൽ ഓഫീസർ പരാതി അന്വേഷിച്ച് പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മലപ്പുറം ജില്ല സഹകരണ ബാങ്കിൽ ശ്രീ. ഇസ്മായിൽ മൂത്തേടത്തിന്റെ ബന്ധുക്കളുടെ പേരിൽ വായ്പകളുള്ളതായും ടി വായ്പകളെല്ലാം തന്നെ കുടിശ്ശിക ആയതും സർഫാസി

നിയമനടപടിയില്ലുള്ളതാണെന്നും ടി വായ്പകളിൽ ചില വായ്പയ്ക്ക് നൽകിയിട്ടുള്ള ഈട് ശ്രീ. ഇസ്മയിൽ മൂത്തേടത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ശ്രീ ഇസ്മയിൽ മൂത്തേടം എന്ന ഇസ്മായിൽ പരക്കുനാംകുന്നൻ എന്നവർക്ക് ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1807, കരുളായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 30 എന്നിവിടങ്ങളിൽ D ക്ലാസ്സ് അംഗത്വവും മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 277, മൂത്തേടം അർബ്ബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 653 എന്നിവിടങ്ങളിൽ A ക്ലാസ്സ് അംഗത്വവുമുണ്ട്. കൂടാതെ നിലമ്പൂർ താലൂക്ക് കോ -ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘത്തിലും അംഗത്വമുണ്ട്.
2. ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1807 ൽ നിന്നും NAMT 196, NALT 13, CCL 232 എന്നീ നമ്പറുകളിലായി യഥാക്രമം 20 ലക്ഷം, 25 ലക്ഷം, 10 ലക്ഷം എന്നിങ്ങനെ 55 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്. ടി വായ്പകളെല്ലാം കുടിശ്ശികയാണ്. കുടിശ്ശിക വായ്പ ഈടാക്കുന്നതിനായി ബാങ്ക് 17/10/2019, 16/01/2020, 13/02/2020, 10/03/2020, 16/09/2020, 08/09/2021 തിയ്യതികളിൽ ഡിമാന്റ് നോട്ടീസും 09/11/2020, 08/07/2021, 07/12/2021 തിയ്യതികളിൽ രജിസ്റ്റേഡ് നോട്ടീസും അയച്ചിട്ടുണ്ട്. മേൽ വായ്പകളിൽ CCL 232 നമ്പറായി എടുത്ത 10 ലക്ഷം രൂപ വായ്പയുടെ കാലാവധി 30/03/2020 ന് അവസാനിച്ചിട്ടുണ്ട്.
3. മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 277 നിന്നും KCC 7495, BL 11092 എന്നീ നമ്പറുകളിലായി യഥാക്രമം 2 ലക്ഷം രൂപയും 3 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്. ടി വായ്പകൾ കുടിശ്ശികയാണ്. 15/09/2019 ൽ കാലാവധി അവസാനിച്ച മേൽ വായ്പകളിൽ KCC 7495 നമ്പർ വായ്പ തിരിച്ചടവാക്കുന്നതിന് ബാങ്ക് 08/01/2019 തിയ്യതിയിൽ ഡിമാന്റ് നോട്ടീസും 14/05/2019, 14/01/2021 തിയ്യതികളിൽ രജിസ്റ്റേഡ് നോട്ടീസും അയച്ചിട്ടുണ്ട്. BL 11092 നമ്പർ വായ്പയ്ക്ക് 06/09/2019 തിയ്യതിയിൽ ഡിമാന്റ് നോട്ടീസും 13/01/2021 തിയ്യതിയിൽ രജിസ്റ്റേഡ് നോട്ടീസും നൽകിയിട്ടുണ്ട്.
4. മൂത്തേടം സഹകരണ അർബ്ബൻ സംഘം ക്ലിപ്തം നമ്പർ എം. 653 ൽ ഭരണസമിതി അംഗമായ ശ്രീ. ഇസ്മയിൽ മൂത്തേടം ടി സംഘത്തിൽ നിന്നും CCL 63 നമ്പർ വായ്പയായി 4 ലക്ഷം രൂപ വായ്പ എടുത്തത് 10/12/2021 ന് കുടിശ്ശികയായിട്ടുണ്ട്.
5. കരുളായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 30 നിന്നും NAL 1335 നമ്പർ ആയി എടുത്ത വായ്പ കുടിശ്ശികയാണ്. ടി വായ്പയുടെ കാലാവധി 27/02/2020 ന് അവസാനിച്ചിട്ടുണ്ട്. തുടർന്ന് കുടിശ്ശികയായ മേൽ വായ്പ തിരിച്ചടക്കുന്നതിനായി 8/02/2020, 01/09/2021 എന്നീ തിയ്യതികളിൽ സാധാരണ നോട്ടീസും 15/09/2020, 23/01/2021 തിയ്യതിയിൽ രജിസ്റ്റേഡ് നോട്ടീസും അയച്ചിട്ടുണ്ട് .
6. നിലമ്പൂർ താലൂക്ക് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘത്തിൽ നിന്ന് 14/05/2012 തിയ്യതിയിൽ വായ്പാ നമ്പർ 98 പ്രകാരം എടുത്ത 2 ലക്ഷം രൂപയിൽ

7. 83,900/- രൂപ അടവാക്കാൻ ബാക്കിനില്പണ്ട്. മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 277 ലെ ജീവനക്കാരനെന്ന നിലയിലാണ് മേൽ വായ്പ എടുത്തിട്ടുള്ളത്. എന്നാൽ മേൽ വായ്പ തിരിച്ചടക്കാതെ മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 277 ലെ പ്യൂൺ തസ്തികയിലുള്ള ജോലിയിൽ നിന്നും രാജി വെച്ചു. കാലാവധി അവസാനിച്ച മേൽ വായ്പ ഈടാക്കുന്നിന് 25/09/2012, 04/11/2016 എന്നീ തിയ്യതികളിൽ ടിയാനും 25/09/2012, 17/12/2012, 25/01/2014, 04/01/2016, 24/05/2018, 25/03/2019, 28/09/2021 എന്നീ തിയ്യതികളിൽ ജാമ്യക്കാർക്കും രജിസ്റ്റേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. വായ്പ അടവാക്കിയിട്ടില്ല.

റിപ്പോർട്ട് ചെയ്യപ്പെട്ട മേൽ വിവരങ്ങളിൽ നിന്നും താഴെ പറയുന്ന വസ്തുത ബോധ്യപ്പെട്ടിരിക്കുന്നു.

- വായ്പാ കുടിശ്ശികയുള്ള വ്യക്തിക്ക് സംഘത്തിന്റെ കമ്മിറ്റി അംഗമായി തെരെഞ്ഞെടുക്കപ്പെടുന്നതിന്/തുടരുന്നതിന് ചട്ടം 44 സി (I) പ്രകാരം അയോഗ്യത ഉണ്ട്. ടി അയോഗ്യത ശ്രീ ഇസ്മയിൽ മൂത്തേടത്തിന് ഉണ്ട്.

മേൽ പരാമർശിച്ച വസ്തുതകൾ , സഹകരണ നിയമ പ്രകാരമുള്ള അയോഗ്യതകൾ എന്നിവ സംബന്ധിച്ച് ശ്രീ. ഇസ്മയിൽ മൂത്തേടത്തിനെ നേരിൽ കേൾക്കുന്നതിനായി 31/08/2022 തിയ്യതിയിൽ മലപ്പുറം സഹകരണ സംഘം (ജനറൽ) ജോയിന്റ് രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകുന്നതിന് പരാമർശം (3) പ്രകാരവും ശ്രീ. ഇസ്മയിൽ മൂത്തേടത്തിന്റെ വായ്പാ കുടിശ്ശികയുമായി ബന്ധപ്പെട്ട് ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1807, മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 277, മൂത്തേടം അർബൻ സഹകരണ സംഘം എം. 653, കരുളായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 30, നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം എന്നീ സംഘങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും മൊഴി എടുക്കുന്നതിന് പ്രസ്തുത തിയ്യതിയിൽ ഹാജരാകുന്നതിന് പരാമർശം (4) പ്രകാരവും നോട്ടീസ് നൽകിയിരുന്നു.

31/08/2022 ന് ശ്രീ. ഇസ്മായിൽ മൂത്തേടത്തിന് വേണ്ടി അഭിഭാഷകൻ ഹാജരായി വിശദീകരണം ബോധിപ്പിക്കുന്നതിന് മൂന്ന് മാസത്തെ സമയം അനുവദിക്കുന്നതിന് അപേക്ഷിക്കുകയും 19/09/2022 തിയ്യതി ഹാജരാകുന്നതിന് സമയം അനുവദിക്കുകയും ചെയ്തു.

ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1807 ന്റെ സെക്രട്ടറി 31/08/2022 ന് ഹാജരാവുകയും ശ്രീ. ഇസ്മായിൽ മൂത്തേടം എന്ന പേരിൽ അറിയപ്പെടുന്ന ഇസ്മായിൽ പരച്ചനാംകുന്നൻ സംഘത്തിലെ ഡി ക്ലാസ്സ് അംഗമാണെന്നും ടിയാന് ബാങ്കിന്റെ വടക്കേ കൈ ശാഖയിൽ നിന്നും 30/03/2019 തിയ്യതിയിൽ NAMT 196 നമ്പർ വായ്പയായി 20 ലക്ഷം രൂപയും NALT 13 നമ്പർ വായ്പയായി 25 ലക്ഷം രൂപയും CCL 232 നമ്പർ വായ്പയായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്നും ടി വായ്പകളിലേക്ക് നാളിതുവരെ തിരിച്ചടവൊന്നും വന്നിട്ടില്ലയെന്നും കുടിശ്ശിക

അടവാക്കുന്നതിന് മടക്ക രശീതി സഹിതം രജിസ്റ്റേഡ് നോട്ടീസുകൾ അയച്ചിട്ടും തുക അടവാക്കാത്തതിനാൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും 27/07/2022 തിയ്യതിയിൽ വിധിയായിട്ടുണ്ടെന്നും രേഖാമൂലം മൊഴി നൽകുകയും അവാർഡിന്റെ പകർപ്പുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

ക്ലിപ്തം നമ്പർ എം. 277 ാം നമ്പർ മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി 31/08/2022 ന് ഹാജരാവുകയും ശ്രീ ഇസ്മയിൽ മൂത്തേടം 05/03/2013 മുതൽ സംഘത്തിലെ എ ക്ലാസ്സ് മെമ്പർ ആണെന്നും സംഘത്തിൽ നിന്നും രണ്ട് വായ്പകളിലായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു എന്നും ടി വായ്പകൾ കുടിശ്ശിക ആയിരുന്നു എന്നും ആർബിട്രേഷൻ ഫയൽ ചെയ്തിരുന്നു എന്നും 30/08/2022, 31/08/2022 തിയ്യതികളിലായി വായ്പാക്കണക്ക് അവസാനിപ്പിച്ചിട്ടുണ്ടെന്നും നിലവിൽ ടിയാന് സംഘത്തിൽ ബാധ്യതയൊന്നും ഇല്ലയെന്നും ടിയാൻ സംഘത്തിൽ അംഗത്വം സ്വീകരിക്കുന്ന സമയത്ത് മറ്റേതെങ്കിലും ക്രെഡിറ്റ് സംഘത്തിൽ അംഗമാണോയെന്ന കാര്യം അറിയില്ലായിരുന്നു എന്നും രേഖാമൂലം മൊഴി നൽകിയിട്ടുണ്ട്.

ക്ലിപ്തം നമ്പർ എം. 653 ാം നമ്പർ മൂത്തേടം അർബൻ സഹകരണ സംഘം സെക്രട്ടറി 31/08/2022 ന് ഹാജരാവുകയും ശ്രീ. ഇസ്മയിൽ മൂത്തേടം സംഘത്തിൽ ഇപ്പോഴും ഭരണസമിതി അംഗമാണെന്നും 01/08/2022 തിയ്യതിയിലാണ് ഭരണസമിതി നിലവിൽ വന്നിട്ടുള്ളതെന്നും ടിയാൻ സംഘത്തിൽ നിന്നും എടുത്തിരുന്ന CC 63, CC 109 നമ്പർ വായ്പകൾ യഥാക്രമം 09/03/2022, 30/08/2022 തിയ്യതികളിൽ അവസാനിപ്പിച്ചിട്ടുണ്ടെന്നും നിലവിൽ ടിയാന് ഗോൾഡ് ലോൺ അല്ലാതെ മറ്റ് വായ്പകളൊന്നും ഇല്ലയെന്നും മൊഴി നൽകിയിട്ടുണ്ട്.

ശ്രീ. ഇസ്മയിൽ മൂത്തേടത്തിന് നേരിൽ ഹാജരാവുന്നതിന് 19/09/2022 തിയ്യതിയിൽ സമയം അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത ദിവസം ടിയാന്റെ അഭിഭാഷകൻ ഹാജരായി വിശദീകരണം ബോധിപ്പിക്കുന്നതിന് രണ്ടാഴ്ചത്തെ സമയം കൂടി അനുവദിക്കുന്നതിന് അപേക്ഷിക്കുകയും 24/09/2022 ന് ഹാജരാവുന്നതിന് സമയം അനുവദിക്കുകയും ചെയ്തിരുന്നെങ്കിലും പ്രസ്തുത ദിവസവും ടിയാൻ ഹാജരാവുകയുണ്ടായില്ല.

ക്ലിപ്തം നമ്പർ എം. 30 കരുളായി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി 24/09/2022 ന് ഹാജരാവുകയും ശ്രീ. ഇസ്മായിൽ മൂത്തേടം സംഘത്തിലെ ഡി ക്ലാസ്സ് അംഗമാണെന്നും ബാങ്കിൽ നിന്നും 27/02/2019 തിയ്യതിയിൽ സി.സി വായ്പയായി ഒരു വർഷക്കാലവധിയിൽ 10 ലക്ഷം രൂപ വായ്പയെടുത്തിരുന്നു എന്നും ടി വായ്പയിലേക്ക് നാളിതുവരെ യാതൊരു തുകയും അടവാക്കിയിട്ടില്ലയെന്നും വായ്പ കുടിശ്ശികയുള്ള വിവരം അറിയിക്കുന്നതിന് രജിസ്റ്റേഡ് നോട്ടീസ് അയച്ചിട്ടുള്ളതാണെന്നും ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും കേസ് വിചാരണയ്ക്കെടുത്തിട്ടില്ലയെന്നും രേഖാമൂലം മൊഴി നൽകിയിട്ടുണ്ട്.

ശ്രീ. ഇസ്മയിൽ മൂത്തേടം തന്റെ അഭിഭാഷകൻ മുഖേന 10/10/2022 തിയ്യതി രേഖപ്പെടുത്തി എഴുതി സമർപ്പിച്ച പരാമർശം (6) വിശദീകരണത്തിൽ മേൽ പരാമർശിച്ച

പ്രകാരം ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക്, കരുളായി സർവ്വീസ് സഹകരണ ബാങ്ക്, മൂത്തേടം അർബൻ സഹകരണ സംഘം എന്നിവിടങ്ങളിൽ അംഗത്വമുള്ളതും ടി സംഘങ്ങളിൽ വായ്പാ കുടിശ്ശികയുള്ളതുമുൾപ്പെടെ മുകളിൽ പരാമർശിച്ച എല്ലാ വസ്തുതകളും നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളത്.

നിലമ്പൂർ താലൂക്ക് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം സെക്രട്ടറി നേരിൽ കേൾക്കുന്നതിന് ഹാജരായിട്ടില്ല.

മേൽ പ്രകാരം നടത്തിയ ഹിയറിംഗിൽ ബോധിപ്പിച്ച വസ്തുതകളുടേയും സമർപ്പിച്ച രേഖകളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പെട്ടു.

1. ശ്രീ. ഇസ്മായിൽ മൂത്തേടം എന്ന പേരിൽ അറിയപ്പെടുന്ന ഇസ്മായിൽ പരച്ചനാംകുന്നൻ ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് . 1807 ൽ നിന്നും എടുത്ത NAMT 196, NALT 13, CCL 232 എന്നീ നമ്പർ വായ്പകൾ കുടിശ്ശികയാണ്. ബാങ്ക് വായ്പാ തുക ഈടാക്കുന്നതിനായി മടക്ക രശീതി സഹിതം രജിസ്റ്റേഡ് നോട്ടീസ് അയച്ചിട്ടും ടിയാൻ വായ്പാ തുക അടവാക്കാത്തതിനാൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ആയത് ബാങ്കിന് അനുകൂലമായി വിധിയാവുകയും ചെയ്തിട്ടുണ്ട്.
2. ശ്രീ. ഇസ്മായിൽ മൂത്തേടം എന്ന പേരിൽ അറിയപ്പെടുന്ന ഇസ്മായിൽ പരച്ചനാംകുന്നൻ കരുളായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 30 ൽ നിന്നും എടുത്ത 10 ലക്ഷം രൂപയുടെ സി.സി വായ്പ കുടിശ്ശികയാണ്. ബാങ്ക് വായ്പാ തുക ഈടാക്കുന്നതിനായി മടക്ക രശീതി സഹിതം രജിസ്റ്റേഡ് നോട്ടീസ് അയച്ചിട്ടും ടിയാൻ വായ്പാ തുക അടവാക്കാത്തതിനാൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.
3. ശ്രീ. ഇസ്മയിൽ മൂത്തേടം എന്ന പേരിൽ അറിയപ്പെടുന്ന ഇസ്മായിൽ പരച്ചനാംകുന്നൻ ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1807, കരുളായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 30 എന്നീ സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾ കുടിശ്ശിക വരുത്തുകയും ടി ബാങ്കുകൾ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി നിയമാനുസൃതം രജിസ്റ്റേഡ് നോട്ടീസുകൾ അയച്ചിട്ടും തുക അടവാക്കാതിരിക്കുകയും ചെയ്തിട്ടുള്ളതിനാൽ കുടിശ്ശികക്കാരനാവുകയും മൂത്തേടം അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 653 ൽ ഭരണസമിതി അംഗമായി തുടരുന്നതിന് കേരള സഹകരണ നിയമം വകുപ്പ് ചട്ടം 44 (സി) (i) പ്രകാരം അയോഗ്യനാവുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രകാരം ബോധ്യപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലും ശ്രീ . ഇസ്മയിൽ മൂത്തേടം എന്ന പേരിൽ അറിയപ്പെടുന്ന ഇസ്മായിൽ പരച്ചനാംകുന്നൻ എന്നവർക്ക് എതിരെ ലഭിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിന്റേയും ടി വിഷയവുമായി ബന്ധപ്പെട്ട് കക്ഷികളെ നേരിൽ കേട്ടതിന്റേയും ലഭ്യമായ രേഖകളുടേയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

മൂത്തേടം അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 653 ന്റെ ഭരണസമിതി അംഗമായി 01/08/2022 ന് തെരെഞ്ഞെടുക്കപ്പെട്ട ശ്രീ ഇസ്മയിൽ മൂത്തേടം എന്ന പേരിൽ അറിയപ്പെടുന്ന ഇസ്മായിൽ പരച്ചനാംകുന്നൻ എന്നവർ ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1807, കരുളായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 30 എന്നീ സഹകരണ സംഘങ്ങളിൽ വായ്പാ കുടിശ്ശികക്കാരനായതിനാൽ മൂത്തേടം അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 653 ന്റെ ഭരണസമിതി അംഗമായി തുടരാൻ കേരള സഹകരണ നിയമം ചട്ടം 44 (സി) (i) ന് വിധേയമായി യോഗ്യനല്ലെന്ന് ഇതിനാൽ പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

Office of the Joint Registrar of Co-op. Societies (General) ★ MALAPPURAM 676 505

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ)
മലപ്പുറം

1. പ്രസിഡന്റ്, മൂത്തേടം സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653
2. ശ്രീ ഇസ്മയിൽ മൂത്തേടം എന്ന ഇസ്മായിൽ പരച്ചനാംകുന്നൻ, ഭരണസമിതി അംഗം, മൂത്തേടം സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653

പകർപ്പ് :- 1 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നിലമ്പൂർ

2 സഹകരണ വകുപ്പ് ഓഡിറ്റർ,
മൂത്തേടം സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653

3 സെക്രട്ടറി, മൂത്തേടം സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653

4 സ്റ്റോക്ക് ഫയൽ

5 അധികം

Shaheeda
സെക്ഷൻ ഓഫീസർ

// ആജ്ഞാനുസരണം//

ഉ അസിസ്റ്റന്റ് രജിസ്ട്രാർ